## ആമുഖം

'ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്' എന്ന പ്രമേയം അടിസ്ഥാനമാക്കി മനുഷ്യ സമൂഹത്തെ ദൈവ വിചാരത്തിലേക്കും ധർമ നിഷ്ഠയിലേക്കും ക്ഷണിക്കുന്ന ഒരു കാമ്പയിന്റെ ഭാഗമാണ് 2008 ഫെബ്രുവരി 7,8,9,10 തിയ്യതികളിൽ നടക്കുന്ന ഏഴാമത് മുജാഹിദ് സംസ്ഥാന സമ്മേളനം.

ഈ മഹത്തായ സമ്മേളനത്തിന്റെ പ്രചാരണാർഥവും മുജാഹിദ് പ്രസ്ഥാനത്തിന്റെ ആശയാദർശങ്ങളുടെ സന്ദേശമായും പ്രസിദ്ധീകരിക്കുന്ന ലഘു കൃതികളിൽ മൂന്നാമത്തേതാണ് ഇത്.

മതങ്ങളുടെയും ജാതികളുടെയും പേരിൽ മനുഷ്യരെ അകറ്റി നിർത്താനും തമ്മിലടിപ്പിക്കാനും നടത്തുന്ന ശ്രമങ്ങൾക്കെതിരെ നിലകൊള്ളുകയും മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും ദേശ - ഭാഷ - വർണ വ്യത്യാസങ്ങൾക്കതീതമായി മനുഷ്യർ അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും ഉദ്ഘോഷിക്കുന്ന സൗഹൃദ സംഗമമാണിത്.

തീവ്രവാദവും ഭീകരവാദവും സമൂഹത്തിന് ശാപമാണെന്നും മനുഷ്യനെ പരസ്പരം സ്നേഹിക്കാനാണ് യഥാർഥ മതം പ്രേരിപ്പിക്കുന്നതെന്നും ഈ സമ്മേളനം പ്രഖ്യാപിക്കുന്നു.

ഈ കാമ്പയിന്റെ ഭാഗമായി കേരളത്തിനകത്തും പുറത്തും പ്രഭാഷണ പരിപാടികൾ, സെമിനാറുകൾ, സ്ക്വാഡ് വർക്കുകൾ, ആശയ സംവാദങ്ങൾ തുടങ്ങിയവ നടത്തിവരികയാണ്.

കാമ്പയിന്റെ സമാപന പൊതു സമ്മേളനം വയനാട്ടിലെ പനമരത്ത് പ്രത്യേകം സജ്ജമാക്കിയ പന്തലിൽ വച്ച് നടക്കുകയാണ്. അരലക്ഷം സ്ഥിരം പ്രതിനിധികളും മൂന്നു ലക്ഷത്തോളം പൊതു ജനങ്ങളും ഈ സമ്മേളനത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ.

സൗകര്യപ്പെടുന്ന ഒരു ദിവസമെങ്കിലും ഈ സമ്മേളന പരിപാടികൾ വീക്ഷിക്കാനും ഈ കൂട്ടായ്മയിൽ പങ്കാളിയാവാനും താങ്കളെ സ്നേഹപൂർവം ക്ഷണിക്കുകയാണ്.

കോഴിക്കോട് ജനറൽ കൺവീനർ
10-12-2007



# കർമ ഭൂമിയും പ്രതിഫല വേദിയും

മനുഷ്യ ജീവിതത്തിന് രണ്ടു തലങ്ങളുണ്ടെന്ന് ഇസ്‌ലാം മാനവരാശിയെ ഉണർത്തുന്നു. മരണത്തിനു മുമ്പുള്ള ഐഹിക ജീവിതഘട്ടവും മരണത്തിനു ശേഷമുള്ള പാരത്രിക ജീവിതഘട്ടവുമാണത്. ഇഹലോക ജീവിതം കർമങ്ങളുടെ സന്ദർഭവും പരലോക ജീവിതം കർമഫലം അനുഭവിക്കുവാനുള്ള അവസരവുമാണ്. ഇഹലോക ജീവിതം താരതമ്യേന ചെറുതും നശ്വരവും പരലോക ജീവിതം വലുതും ശാശ്വതവുമാകുന്നു. ഐഹിക ജീവിതത്തിന്റെ വിഭവ സമാഹരണത്തിലും സുഖാസ്വാദനങ്ങളിലും മാത്രം മുഴുകി ശാശ്വതവും വിപുലവും സുപ്രധാനവുമായ പരലോക ജീവിതത്തെ അവഗണിക്കുകയോ വിസ്മരിക്കുകയോ ചെയ്യരുതെന്ന് സ്രഷ്ടാവായ അല്ലാഹു മനുഷ്യരെ ഉണർത്തിയിട്ടുണ്ട്.

ജീവിതത്തിന്റെ ജയപരാജയങ്ങൾ വിലയിരുത്തേണ്ടത് മരണത്തിനു മുമ്പുള്ള ചെറിയ ജീവിതവും മരണത്തിനപ്പുറമുള്ള വലിയ ജീവിതവും മൊത്തത്തിൽ കൂട്ടിനോക്കിയിട്ടായിരിക്കണം എന്ന ശ്രദ്ധേയമായ ജീവിത വീക്ഷണമാണ് അന്തിമ വേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നത്. ഭൗതിക ലോകത്ത് ചിലരുടെ ജീവിതത്തിൽ കാണുന്ന സാമ്പത്തിക അഭിവൃദ്ധി, അധികാരം, പദവികൾ, പ്രശസ്തി, വർധിച്ച തോതിലുള്ള ജീവിത സൗകര്യങ്ങൾ തുടങ്ങിയവ നോക്കി ഒരാളുടെ വിജയവും സൗഭാഗ്യവും നിർണയിക്കുന്നത് ശരിയല്ല. അപ്രകാരം രോഗം, ദാരിദ്ര്യം, അംഗവൈകല്യം മുതലായ ജീവിത പ്രയാസങ്ങൾ അനുഭവിക്കുന്ന വ്യക്തികളെ അക്കാരണം കൊണ്ടു മാത്രം അവരുടെ ജീവിതം പരാജയത്തിലാണെന്നും അവർ ദൗർഭാഗ്യവാന്മാരാണെന്നും വിലയിരുത്തുന്നതും ശരിയായ സമീപനമല്ല.

മരണത്തിനു മുമ്പുള്ള നശ്വരവും നിസ്സാരവുമായ ജീവിതത്തിൽ എമ്പാടും സുഖസൗഖ്യങ്ങളനുഭവിച്ച ഒരാൾക്ക് മരണാനന്തരമുള്ള ശാശ്വതവും സുപ്രധാനവുമായ ജീവിതത്തിൽ നിത്യദുരിതമായ നരകമാണ് ലഭിക്കുന്നതെങ്കിൽ അയാളുടെ ജീവിതം എങ്ങനെയാണ് സൗഭാഗ്യ ജീവിതം എന്ന് വിശേഷിപ്പിക്കപ്പെടുക! ഭൗതിക ലോകത്ത് രോഗവും ദുരിതവും വൈകല്യങ്ങളും വിഷമങ്ങളും ധാരാളമായനുഭവിച്ചു ജീവിക്കേണ്ടിവരുന്നതിന് ശേഷം മരണാനന്തരമുള്ള ശാശ്വത ജീവിതത്തിൽ സുഖസമൃദ്ധമായ സ്വർഗീയ ജീവിതമാണ് ലഭിക്കുന്നതെങ്കിൽ അയാൾ എങ്ങനെയാണ് ദൗർഭാഗ്യവാനാവുക? ചിന്തിച്ചുനോക്കൂ സുഹൃത്തേ.

ഐഹിക ജീവിതത്തിലെ സുഖസമൃദ്ധിയെപ്പറ്റി മാത്രം ശ്രദ്ധിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ഭൗതികവാദികളെയും ഇഹപരജീവിതത്തെ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ള ശരിയായ ജീവിത വീക്ഷണം വെച്ചു പുലർത്തുന്ന ധർമ ബോധമുള്ള മനുഷ്യരെയും വേർതിരിച്ചു ബോധ്യപ്പെടുത്തിത്തരുന്ന നിരവധി സൂക്തങ്ങൾ വിശുദ്ധ

ഖുർആനിൽ കാണാം. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

"മനുഷ്യരിൽ ചിലരുണ്ട്. അവരിങ്ങനെയാണ് പറയുക: 'ഞങ്ങളുടെ നാഥാ, ഈ ലോകത്ത് നീ ഞങ്ങൾക്ക് (അനുഗ്രഹം) നൽകേണമേ ' എന്നാൽ പരലോകത്ത് അത്തരക്കാർക്ക് ഒരോഹരിയും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ മറ്റു ചിലരുണ്ട്, മനുഷ്യരിൽ. അവർ ഇപ്രകാരമാണ് പറയുക: 'ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് നൽകേണമേ. പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽ നിന്ന് നീ ഞങ്ങളെ കാത്തു രക്ഷിക്കുകയും ചെയ്യേണമേ'. അവർ സമ്പാദിച്ചതിന്റെ ഫലമായി അവർക്ക് വലിയ വിഹിതമുണ്ട്. അല്ലാഹു അതിവേഗത്തിൽ കണക്കു നോക്കുന്നവനാകുന്നു. "(ഖുർആൻ 2:200-202).

"ആരെങ്കിലും പരലോകം ഉദ്ദേശിക്കുകയും, സത്യവിശ്വാസിയായിക്കൊണ്ട് അതിനുവേണ്ടി യഥോചിതം പരിശ്രമിക്കുകയും ചെയ്യുന്നപക്ഷം അത്തരക്കാരുടെ പരിശ്രമം പ്രതിഫലാർഹമായിരിക്കും. ഇക്കൂട്ടരെയും അക്കൂട്ടരെയും എല്ലാംതന്നെ (ഇഹലോകത്ത് വെച്ച്) നാം സഹായിക്കുന്നതാണ്. നിന്റെ രക്ഷിതാവിന്റെ ദാനത്തിൽപ്പെട്ടതാണത്. നിന്റെ രക്ഷിതാവിന്റെ ദാനം തടഞ്ഞുവെക്കപ്പെടുന്നതല്ല'. (ഖുർആൻ 17: 18-20)

അല്ലാഹുവിനെ ധിക്കരിച്ച്, കേവല ഭൗതികവാദിയായി ജീവിക്കുന്നവർക്കും ഇഹലോകത്ത് വെച്ച് അവൻ കുറച്ചു കാലം കരുണ ചൊരിയുന്നു എന്നത് സർവലോക രക്ഷിതാവായ അല്ലാഹുവിന്റെ കാരുണ്യമാണ്. ഫിർഔൻ, ഖാറൂൻ, ഹാമാൻ, അബൂജഹ്ൽ, ഹിറ്റ്ലർ..........അങ്ങനെ ചരിത്രത്തിലുടനീളവും സമകാലിക ലോകത്തും ദൈവത്തെ ധിക്കരിക്കുന്ന ധാരാളം ഭൗതിക മനുഷ്യർ തങ്ങളുടെ അധർമ വിളയാട്ടത്തിനിടയിലും അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും അനുഭവിക്കുന്നു. പക്ഷേ ഐഹിക ലോകത്തെ ക്ഷണികവും നശ്വരവുമായ ഒരു സമയത്തേക്ക് മാത്രം അവ പരിമിതമാണെന്നോർക്കണം. അതിനു ശേഷം ദുരന്ത പൂർണമായ പര്യവസാനവും ദുരിതപൂരിതമായ നരകജീവിതവും അവരെ കാത്തിരിക്കുന്നു.

ഭൗതിക പ്രപഞ്ചത്തിന്റെ നശ്വരമായ മായികപ്രഭയിൽ കണ്ണഞ്ചി വീഴുന്ന 'ചെറിയ മനുഷ്യരുടെ' ജീവിത വീക്ഷണത്തിലെ വൈകല്യത്തെപ്പറ്റി ഖുർആൻ ആക്ഷേപിക്കുന്നതിപ്രകാരമാണ്.

"തീർച്ചയായും നിങ്ങൾ ക്ഷണികമായ ജീവിതത്തെ ഇഷ്ടപ്പെടുന്നു, പരലോകത്തെ നിങ്ങൾ അവഗണിക്കുകയും ചെയ്യുന്നുന്നു(ഖുർആൻ 75 : 20,21)

ദൈവം നൽകിയ ശരീര ഘടനയും മറ്റു ജീവിത സൗകര്യങ്ങളും വേണ്ടുവോളം ആസ്വദിക്കുകയും ദൈവധിക്കാരികളായി കേവല ഭൗതിക പ്രമത്തരായി ജീവിക്കുകയും ചെയ്യുന്നവരെപ്പറ്റി അല്ലാഹു മുന്നറിയിപ്പു നൽകുന്നു.

"തീർച്ചയായും ഇക്കൂട്ടർ ക്ഷണികമായ ഐഹിക ജീവിതത്തെ ഇഷ്ടപ്പെടുന്നു. ഭാരമേറിയ ഒരു ദിവസത്തിന്റെ കാര്യം അവർ തങ്ങളുടെ പുറകിൽ വിട്ടുകളയുകയും ചെയ്യുന്നു! "നാമാണ് അവരെ സൃഷ്ടിക്കുകയും അവരുടെ ശരീരഘടന ബലപ്പെടുത്തുകയും ചെയ്തത്. നാം ഉദ്ദേശിക്കുന്നപക്ഷം അവർക്ക് തുല്യരായിട്ടുള്ളവരെ നാം അവർക്ക് പകരം കൊണ്ടുവരുന്നതുമാണ്. (ഖുർആൻ 76:27,28)

മരണാനന്തര ജീവിതത്തിൽ തത്ത്വത്തിൽ വിശ്വസിക്കുകയും പ്രയോഗതലത്തിൽ മര



ണാനന്തര ജീവിതത്തെ അവഗണിക്കുകയും ചെയ്യുന്ന മതനാമധാരികളുണ്ട്. ഭൗതികവാദികളെ ആക്ഷേപിച്ചതുപോലെ അല്ലാഹു ഇവരെയും ആക്ഷേപിച്ചിട്ടുണ്ട്.

"പക്ഷേ, നിങ്ങൾ ഐഹിക ജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും". (ഖുർആൻ 87 : 16,17)

**നീതിയുടെ ലോകം**

ആഗ്രഹങ്ങൾ പലതും സഫലമാകാതെയാണ് അധികമാളുകളും ഇഹലോക ജീവിതം അവസാനിച്ച് മരണ വാതിൽ കടന്ന് അനശ്വര ജീവിതത്തിലെത്തുന്നത്. മരണസമയം മുൻകൂട്ടി അറിയാൻ കഴിയുന്നില്ല എന്നതും ഒരു വസ്തുതയാണ്. സത്കർമ നിരതമായ ജീവിതം നയിച്ചവർ തങ്ങളുടെ സത്കർമങ്ങൾക്ക് അർഹമായ പ്രതിഫലവും അംഗീകാരവും കിട്ടാതെ മരണപ്പെടുന്നു. അധർമ വിളയാട്ടം നടത്തുകയും അക്രമ പ്രവർത്തനങ്ങളിലേർപ്പെടുകയും ഒട്ടേറെ കുറ്റകൃത്യങ്ങളിൽ മുഴുകി ജീവിക്കുകയും ചെയ്തവർക്ക് അവരുടെ അധർമങ്ങൾക്കും ധിക്കാരത്തിനും കൃത്യമായ ശിക്ഷ കിട്ടാതെയാണ് ഇഹലോക ജീവിതം അവസാനിപ്പിക്കുന്നത്. അതായത് സത്കർമകാരികൾക്ക് അർഹമായ പ്രതിഫലവും ദുഷ്കർമകാരികൾക്ക് ഉചിതമായ ശിക്ഷയും ഇഹലോകത്ത് വെച്ച് നൽകപ്പെടുക അസാധ്യമാണ്.

അപ്പോൾ നമ്മുടെ മുമ്പിൽ കുറെ ചോദ്യങ്ങൾ ഉയർന്നു വരുന്നു. 1. ജീവിതത്തിനെന്തർഥം? 2. എന്തിന് ധാർമിക വിശുദ്ധിയും നന്മനിറഞ്ഞ ജീവിതവും നയിക്കണം? 3. എന്തിന് തെറ്റ് ചെയ്യാതിരിക്കണം? 4. മരണത്തോടെ തീരുന്ന ജീവിതത്തിൽ നന്മ തിന്മകൾക്കെന്ത് പ്രസക്തി? 5. സുഖിക്കുക, ഭുജിക്കുക, ഭോഗിക്കുക എന്ന ജന്തു സഹജമായ ചോദനകൾക്ക് മനുഷ്യൻ മാത്രം എന്തിന് അതിർവരമ്പുകളിടണം? 6. ക്രമവും ചിട്ടയും പാലിക്കുന്നവർക്കും അപ്രതീക്ഷിതമായി മരണം കടന്നു വരുന്നത് വരെ മാത്രമേ ജീവിതമുള്ളൂവെങ്കിൽ അഥവാ അതോടെ എല്ലാം അവസാനിക്കുന്നുവെങ്കിൽ ഈ ക്രമവും ചിട്ടയും പാലിക്കുന്നതിലെന്തർഥമാണുള്ളത്? 7. മരണത്തോടെ എല്ലാം അവസാനിക്കുന്നുവെങ്കിൽ അത്യുന്നതനായ മനുഷ്യനും മൂട്ട, കൊതുക് പോലുള്ള ജീവികളും തമ്മിലെന്താണ് അന്തരം?

ഇത്തരം ചോദ്യങ്ങൾക്ക് അർഥപൂർണവും തൃപ്തിദായകവും യുക്തിഭദ്രവുമായ ഉത്തരം നൽകുകയാണ് മരണാനന്തരം ശാശ്വതവും സുപ്രധാനവുമായ ഒരു ജീവിതമുണ്ടെന്നും മരണത്തിന്റെ മുമ്പുള്ള ജീവിതത്തിലെ കർമങ്ങളുടെ ഫലഭൂമികയായിരിക്കും ആ ജീവിതമെന്നും വിശദീകരിക്കുക വഴി ഇസ്‌ലാം ചെയ്യുന്നത്. വിശ്വാസവും ജീവിതവും ലോകത്ത് സമാധാനം നിലനിൽക്കുവാനും മനുഷ്യർക്കിടയിൽ പരസ്പരസ്നേഹവും വിശ്വാസവും നിലനിൽക്കുവാനും സർവോപരി നമ്മുടെ ജീവിതം അർഥപൂർണം തന്നെയാണ് എന്ന് ബോധ്യം വരുവാനും ഈയൊരു പരലോക വിശ്വാസം അനിവാര്യമത്രെ. ലോകത്ത് ലക്ഷക്കണക്കിന് മുസ്‌ലിംകൾ ധർമ നിഷ്ഠയോടെ ജീവിതം ക്രമപ്പെടുത്തി മദ്യം, വ്യഭിചാരം, കൊലപാതകം, ചൂതാട്ടം തുടങ്ങിയ തിൻമകളിൽ നിന്ന് അകന്നു നിൽക്കുന്നത് ഭൗതിക ലോകത്തെ ഭരണകൂടങ്ങളെയോ നിയമപാലകരെയോ ഭയപ്പെട്ടത്കൊണ്ടല്ല. മരണാനന്തര ജീവിതമായ ന്യായവിധി നാളിലെ ദൈവിക വിചാരണയെപ്പറ്റിയും സ്വർഗ നരകങ്ങളെപ്പറ്റിയും ശരിയായവിധത്തിൽ ബോധം ഉള്ളത്കൊ

ണ്ടാണ്.

പരലോകത്തെ ജീവിത സുഖം ലക്ഷ്യംവെച്ച് ഈ ലോകത്ത് ജീവിക്കുന്ന മനുഷ്യൻ എല്ലാ അർഥത്തിലും ഈ ലോകത്തിനും സമൂഹത്തിനും കൊള്ളാവുന്നവനായിരിക്കും. ജീവിതത്തിന്റെ അർഥവും ലക്ഷ്യവും മനസ്സിലാക്കാതെ ജീവിക്കുന്നവർക്ക് പരലോക സൗഖ്യം നഷ്ടപ്പെടുന്നുവെന്നു മാത്രമല്ല അത്തരക്കാരുടെ ദുഷ്ചെയ്തികൾ ജനങ്ങൾ അനുഭവിക്കേണ്ടി വരികയും ചെയ്യും. ദുഷ്ടതയുടെ പേരു കേട്ട അറേബ്യൻ ജനതയെ പ്രവാചകൻ(സ) മാതൃകാ സമൂഹമായിമാറ്റിയത് പരലോക വിശ്വാസവും ദൈവബോധവും ഊട്ടിയുറപ്പിച്ചു കൊണ്ടായിരുന്നു. ഐഹിക ജീവിതത്തിന്റെ പരിമിതികളെയും നിസ്സാരതയെയും തിരിച്ചറിഞ്ഞ സഹൃദയരായ മനുഷ്യർക്ക് ജീവിതത്തിന്റെ അർത്ഥവും വ്യാപ്തിയും വ്യക്തമാക്കിത്തരുന്ന, പ്രകാശദായകമായ ദൈവീക വചനങ്ങളിൽ ചിലത് ശ്രദ്ധിക്കുക.

“എല്ലാ മനുഷ്യരും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ (കർമ ഫലങ്ങൾ) ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്നകറ്റി നിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശനം നൽകപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹിക ജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല” (ഖുർആൻ 3:185)

“നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്ന ഒരു ദിവസത്തെ സൂക്ഷിച്ചുകൊള്ളുക, എന്നിട്ട് ഓരോരുത്തർക്കും അവരവർ പ്രവർത്തിച്ചതിന്റെ ഫലം പൂർണമായി നൽകപ്പെടുന്നതാണ്. അവരോട് ഒട്ടും അനീതി കാണിക്കുന്നതല്ല” (ഖുർആൻ 2:281)

യാതൊരുവിധ ശിപാർശയും സ്വാധീനവും പ്രതീക്ഷിക്കാനില്ലാത്തതും അവയൊന്നും വിലപ്പോകാത്തതും കൃത്യവും വ്യക്തവുമായ നീതി പുലരുന്നതുമായ ലോകമാണ് പരലോകം.

“ഒരാൾക്കും മറ്റൊരാൾക്കുവേണ്ടി ഒരുപകാരവും ചെയ്യാൻ പറ്റാത്ത, ഒരാളിൽ നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടാത്ത, ഒരാൾക്കും ഒരു ശിപാർശയും പ്രയോജനപ്പെടാത്ത, ആർക്കും ഒരു സഹായവും ലഭിക്കാത്ത ഒരു ദിവസത്തെ (പരലോക ജീവിതത്തെ) നിങ്ങൾ സൂക്ഷിക്കുക” (ഖുർആൻ 2:123)

**നിഷേധിക്കുന്നവർ**

മരണാനന്തര ജീവിതത്തിന്റെ സാധ്യതയെ ചോദ്യം ചെയ്യുകയും പരിഹസിച്ച് തള്ളുകയും ചെയ്യുന്നവർ ഏതു കാലത്തും ഉണ്ടായിട്ടുണ്ട്. അത്തരക്കാരോട് ഖുർആൻ ധൈഷണികമായി സംവദിക്കുന്നു.

“അവൻ (പരലോക നിഷേധി) ചോദിക്കുന്നു: ‘എല്ലുകൾ ദ്രവിച്ചുപോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നൽകുന്നത് ’? പറയുക: ആദ്യ തവണ അവയെ ഉണ്ടാക്കിയവനാരോ, അവൻ തന്നെയാണ് അവയ്ക്ക് (വീണ്ടും) ജീവൻ നൽകുന്നത്. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ.

“പച്ചമരങ്ങളിൽ നിന്ന് നിങ്ങൾക്ക് തീ ഉണ്ടാക്കിതന്നവനത്രെ അവൻ. അങ്ങനെ നിങ്ങളതാ അതിൽ നിന്ന് കത്തിച്ചെടുക്കുന്നു. ആകാശങ്ങളും ഭൂമികളും സൃഷ്ടിച്ചവൻ അവരെപ്പോലുള്ളവരെ സൃഷ്ടിക്കുവാൻ കഴിവുള്ളവനല്ലേ? അതേ, അവനത്രെ സർവ്വവും



സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനും.”

ചുരുക്കത്തിൽ, ഇഹലോകം കർമ ഭൂമിയും പരലോകം പ്രതിഫലവേദിയുമാകുന്നു. നീതിമാനായ അല്ലാഹുവിന്റെ നീതിയുടെ നിദർശനമാണ് പരലോകം. നന്മ ചെയ്ത് ജീവിച്ച മനുഷ്യർക്ക് നന്മയുടെ പ്രതിഫലവും സാഫല്യവുമായ സ്വർഗീയ ജീവിതം അനുഭവിക്കാൻ കഴിയുന്ന മരണാനന്തര തുടർ ജീവിതമാണത്. അക്രമികൾക്കും അധർമകാരികൾക്കും നരകീയ ജീവിതത്തിലൂടെ ദുരിതപർവമായി മാറുന്ന ജീവിതത്തിന്റെ തുടർച്ചയാകുന്നു പരലോകം.

അതിനാൽ, സഹോദരങ്ങളേ! ഹ്രസ്വമായ ഐഹിക ജീവിതത്തിന്റെ വർണപ്രഭയിൽ മയങ്ങി ജീവിതം വ്യർഥമാകാനിടവരാതെ നീതിയും നന്മയും പ്രകാശിപ്പിക്കുന്ന പരലോക ജീവിതസൗഖ്യത്തിനായി പ്രയത്നിക്കുക.

“സഹോദരാ വരൂ, നമുക്ക് അല്പനേരം വിശ്വാസം ദൃഢമാക്കാം” എന്നുപറഞ്ഞ് പ്രവാചകന്റെ സദുപദേശ സദസ്സിലേക്ക് കൂട്ടുകാരെ ക്ഷണിച്ചിരുന്ന സ്വഹാബിമാരുടെ ആത്മാർഥത ഓർത്തുനോക്കൂ. ആ ക്ഷണം ഞങ്ങൾ ആവർത്തിക്കട്ടെ. സഹോദരാ, വരൂ. വിശുദ്ധമായ വിശ്വാസവും വിശ്വ സാഹോദര്യവും അനുഭവിച്ചറിയുവാൻ ഒരുക്കിയ വേദിയിലേക്ക്.

2008 ഫെബ്രുവരി 7മുതൽ 10 വരെ വയനാട് ജില്ലയിലെ പനമരത്ത് വച്ച് നടക്കുന്ന ഏഴാമത് മുജാഹിദ് സംസ്ഥാന സമ്മേളനത്തിലേക്ക് താങ്കൾക്കും കുടുംബത്തിനും സ്വാഗതം.

**ISLAM FOR JUSTICE & GOODNESS**

**MUJAHID 7th STATE CONFERENCE WAYANAD**

**2008 FEBRUARY 7,8,9,10**

**ADMINISTRATIVE OFFICE:** MARKAZUDA`WA, R M ROAD, KOZHIKODE -2 Ph: 0495 2701595,2701804 emil:conf@keralamuslim.org
**RECEPTION COMMITTE OFFICE:** NEAR SALAFI MASJID KALPATTA, WAYANAD, Ph: 04936-314566